ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

127(1384) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയതായി എത്ര റേഷൻ കടകൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്ന്. രാജകുമാരി പഞ്ചായത്ത്.

(ബി) ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ പുതിയതായി 5 റേഷൻ കടകൾ അനുവദിച്ചിട്ടുണ്ട്.

തോട്ടുമുക്കം മാവേലി സ്റ്റോർ

128(1385) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന മാവേലി സ്റ്റോറുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ :

(ബി) തോട്ടുമുക്കം മാവേലി സ്റ്റോർ അനുവദിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ മുതുകാട്, പനങ്ങാട് ഗ്രാമപഞ്ചായത്തിലെ തലയാട് എന്നീ സ്ഥലങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കാനുദ്ദേശിക്കുന്നത്.

(ബി) തോട്ടുമുക്കം ഉൾപ്പെട്ട കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ, കൊടിയത്തൂർ, ചെറുവാടി എന്നീ സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകിയാണ് ഇപ്പോൾ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്.

കോഴിക്കോട് താലൂക്കിൽ പുതിയ റേഷൻ കാർഡുകളുടെ വിതരണം

129(1386) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്കിൽ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകർക്ക് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് താലൂക്കിൽ റേഷൻ കാർഡിനുള്ള അപേക്ഷകൾ മറ്റ് താലൂക്കുകളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. 32 പഞ്ചായത്തുകളിലായി 25885 അപേക്ഷകൾ കാർഡ് വിജ്ഞിച്ച് നൽകുന്നതിനായി ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരം ഏകദേശം 70000-ത്തോളം റേഷൻ കാർഡുകൾ തയ്യാറാക്കേണ്ടിവരുന്നുണ്ട്. കൂടാതെ ഓഫീസിൽ സ്വീകരിച്ച 19000-ത്തോളം അപേക്ഷകളിലും തീർപ്പ് കല്പിക്കേണ്ടതുണ്ട്. ഓൺലൈനായി ഇതുവരെ 12865 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ദിനംപ്രതി നൂറ് കണക്കിന് അപേക്ഷകൾ ഓൺലൈനിലും ലഭിക്കുന്നുണ്ട്. ഈ കാർഡുകളിലൊക്കെ തീരുമാനമെടുക്കാനുള്ളതുകൊണ്ടാണ് കാലതാമസം വന്നത്. എന്നിരുന്നാലും 32 പഞ്ചായത്തുകളിലെയും റേഷൻകാർഡ് തയ്യാറാക്കുന്ന ജോലികൾ അവസാനഘട്ടത്തിലാണ്. 21 പഞ്ചായത്തുകളിലെ കാർഡ് വിതരണത്തിന് താൽക്കാലിക തടസ്സം നേരിട്ടത് ലാമിനേഷൻ ഫോയിലിന്റെ ലഭ്യത കുറവ് മൂലമാണ് റേഷൻകാർഡുകൾ നൽകുന്നതിനായി അടിയന്തിര നടപടികളാണ് സ്വീകരിച്ചു വരുന്നത്. അധിക ജോലിക്കാരും കമ്പ്യൂട്ടറുകളും ലഭ്യമാക്കി പ്രവർത്തനം ത്വരിതപ്പെടുത്തുന്നുണ്ട്.

(ബി) 28-2-2011-നകം പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച അപേക്ഷകളിൻമേൽ പൂർണ്ണമായും കാർഡ് വിതരണം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly